മെയിൻറനൻസ് ഗ്രാൻറ് ലഭിക്കാത്ത സ്ക്കൂളുകൾ

1416. [2012] ശ്രീ. കെ. ഇ. ഇസ്മയിൽ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കെ. ടി. കുണാരൻ :
,, വി. കെ. രാജൻ :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85-ൽ മെയിൻറനൻസ് ഗ്രാൻറ് ലഭിക്കാത്ത എത്ര സ്ക്കൂളുകൾ സംസ്ഥാനത്തുണ്ട് ;

(ബി) ഇനിയും ഗ്രാൻറു നൽകാത്തതിൻെറ കാരണം വ്യക്തമാക്കുമോ ;

(സി) മെയിൻറനൻസ് ഗ്രാൻറുകൾ എത്രയും വേഗം നൽകി സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ ചെയ്തുതീർക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ ആൻറ് ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സ്വീകരിക്കുന്നതാണ്.

ചമൽ ഗവ. എൽ. പി. സ്ക്കൂളിൻെറ കെട്ടിടം

1417. [2013] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താമരശ്ശേരി ഉപവിദ്യാഭ്യാസ ജില്ലയിലെ ചമൽ ഗവ. എൽ. പി. സ്ക്കൂളിൻെറ കെട്ടിടം കാറ്റിൽ തകർന്നു വീണിട്ട് എത്ര വർഷമായി ;

(ബി) പ്രസ്തുത സ്ക്കൂളിന് കെട്ടിടം പണിയാൻ സത്വര നടപടികൾ സ്വീകരിക്കുമോ ;

(സി) താമരശ്ശേരി ഉപവിദ്യാഭ്യാസ ജില്ലയിലെ വെളിമണ്ണ മാപ്പിള എൽ. പി. സ്ക്കൂളിന് സ്വന്തമായ കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 4 വർഷം.

(ബി) കെട്ടിട നിർമ്മാണത്തിനായുള്ള മുൻഗണനാ ലിസ്റ്റിൽ പ്രസ്തുത സ്ക്കൂൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക നില മെച്ചപ്പെടുന്നതനുസരിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വെളിമണ്ണ മാപ്പിള എൽ. പി. സ്ക്കൂൾ കെട്ടിട നിർമ്മാണത്തിനായുള്ള മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിൻെറ ലഭ്യതയനുസരിച്ച് മേൽ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly